# വ്യവസായ കേരളം

93

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

01 OCTOBER 2025


# യന്ത്രങ്ങളുടെ വിശാല ലോകം ഒരുക്കി മെഷിനറി എക്സ്പോ 2025

MACHINERY eXpo 2025 KERALA "Invest in Innovations"
DEPARTMENT OF INDUSTRIES & COMMERCE GOVERNMENT OF KERALA









സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന്റെ വ്യവസായ യന്ത്ര പ്രദർശനമേളയായ മെഷിനറി എക്സ്പോയുടെ ഏഴാമത് പതിപ്പ് "മെഷിനറി എക്സ്പോ 2025" എറണാകുളം ജില്ലയിലെ കാക്കനാട് കിൻഫ്ര ഇന്റർനാഷണൽ എക്സിബിഷൻ സെന്ററിൽ 2025 സെപ്റ്റംബർ 20ന് ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് ഉദ്ഘാടനം ചെയ്തു.



ഇന്ത്യൻ ഹെറിറ്റേജ് ആൻഡ് കൾച്ചർ സെന്ററിന്റെ നേതൃത്വത്തിൽ അവതരിപ്പിച്ച സ്വാഗത നൃത്തത്തോടെ ആരംഭിച്ച പരിപാടിയിൽ തൃക്കാക്കര നഗരസഭ ചെയർ പേഴ്സൺ ശ്രീമതി രാധാമണി പിള്ള അധ്യക്ഷയായി. വ്യവസായവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ് മുഖ്യപ്രഭാഷണം നിർവഹിച്ചു. കെ.എസ്.ഐ.ഡി.സി. എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. ഹരികൃഷ്ണൻ ആർ. ഐ.ആർ. എസ്., ഫോർട്ട് കൊച്ചി സബ് കളക്ടർ ഗ്രാന്ധേ സായ്കൃഷ്ണ ഐ.എ.എസ്. എന്നിവർ പ്രത്യേക പ്രഭാഷണം നടത്തി.

വിവിധ മേഖലകളിലെ നൂതന സാങ്കേതിക വിദ്യയും യന്ത്രങ്ങളും, സംരംഭകർക്ക് ഗുണകരമാകും വിധം, അവതരിപ്പിക്കുകയായിരുന്നു മേളയുടെ ലക്ഷ്യം സംസ്ഥാന വികസനത്തിനായി പ്രായോഗികമായി ഏറ്റെടുക്കുവാൻ കഴിയുന്ന സംരംഭക മേഖലകളായ കാർഷിക - ഭക്ഷ്യ സംസ്ക്കരണം, ഇലക്ട്രിക്കൽ - ഇലക്ട്രോണിക്സ്, ജനറൽ എഞ്ചിനീയറിംഗ് തുടങ്ങിയ മേഖലകളിലെ മെഷിനറികൾ നൂതനമായ പാക്കിംഗ് മെഷിനറികൾ എന്നിവ ഉൾപ്പെടെയുള്ള യന്ത്ര സാമഗ്രികൾ മേളയിൽ പ്രദർശിപ്പിച്ചു. ഇവയുടെ പ്രവർത്തനവും മറ്റ് പ്രായോഗിക വശങ്ങളും സംരംഭകർക്കും, സംരംഭകരാകാൻ താൽപര്യപ്പെടുന്നവർക്കും നേരിട്ട് മനസ്സിലാക്കി നൽകുന്നതിനായി മെഷിനറികളുടെ തൽസമയ ഡെമോ പ്രദർശനവും മേളയിൽ ഒരുക്കിയിരുന്നു.

## വ്യവസായ വളർച്ചക്കായി എല്ലാ നടപടികളും സ്വീകരിച്ചു

### ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ്

വ്യവസായം വിപുലപ്പെടുത്താൻ ഏറെ ക്രിയാത്മക നടപടികളാണ് സർക്കാർ കൈക്കൊണ്ടത്. നിക്ഷേപ സമാഹരണത്തിന് വേണ്ട നടപടികൾ സ്വീകരിക്കുകയും തുടരെ വിലയിരുത്തുകയും ചെയ്യുന്നു. നിക്ഷേപ വാഗ്ദാനങ്ങൾ യാഥാർത്ഥ്യമാക്കുന്നതിനു കർമ്മപദ്ധതി ആവിഷ്കരിച്ചു. വ്യവസായ വളർച്ചക്കു എല്ലാ വകുപ്പുകളിലും മാറ്റങ്ങൾ വരുത്തി ഏറ്റവും മികവാർന്ന രീതിയിൽ വർഷം തോറും നടക്കുന്ന മെഷിനറി എക്സ്പോ ഇത്തവണ കിൻഫ്ര കൺവെൻഷൻ സെന്ററിലായിരുന്നു സംഘടിപ്പിച്ചത്. പ്രതീക്ഷിച്ചതിലും നേരത്തെ മനോഹരമായി കൺവെൻഷൻ സെന്റർ പൂർത്തിയാക്കാനായതിൽ അത്യന്തം ചാരിതാർഥ്യമുണ്ടെന്ന് പി.എം.എസ്. പദ്ധതിയുടെ പിന്തുണയോടെ കൂടി സംഘടിപ്പിച്ച എക്സ്പോയുടെ ഉദ്ഘാടന വേളയിൽ ബഹു. മന്ത്രി പറഞ്ഞു.

# 'വേൾഡ് ഫുഡ് ഇന്ത്യ 2025' പ്രദർശനത്തിൽ ശക്തമായ സാന്നിധ്യമായി കേരളവും

WORLD FOOD INDIA 2025 25th to 28th September
Processing for Prosperity

ഭക്ഷ്യ സംസ്കരണ മേഖലയിൽ 'വേൾഡ് ഫുഡ് ഇന്ത്യ 2025' ആഗോള വേദിയൊരുക്കി കേന്ദ്രം. 2025 സെപ്റ്റംബർ 25 മുതൽ 28 വരെ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ സംഘടിപ്പിച്ചു. നാലു ദിവസത്തെ പരിപാടിയിൽ 90 രാജ്യങ്ങളിൽനിന്നുള്ള പങ്കാളിത്തമാണുറപ്പാക്കിയിരിക്കുന്നത്. 'വേൾഡ് ഫുഡ് ഇന്ത്യ 2025' ൽ ശക്തമായ സാന്നിധ്യം അറിയിക്കുന്ന കേരളം, സംസ്ഥാനത്തെ പ്രതിനിധീകരിച്ച് കേരള പവലിയനും ഒരുക്കിയിരുന്നു.



കേന്ദ്ര ഭക്ഷ്യസംസ്കരണ മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച പ്രദർശന പരിപാടിയിൽ സംസ്ഥാനത്തിന്റെ തനത് ഉത്പന്നങ്ങളുമായി സംസ്ഥാന വാണിജ്യ - വ്യവസായ വകുപ്പ് ഒരുക്കിയിരുന്ന കേരള പവിലിയന്റെ ഉദ്ഘാടനം വ്യാഴാഴ്ച (2025 സെപ്റ്റംബർ 25) നോർക്ക വൈസ് ചെയർമാനും ലുലു ഗ്രൂപ്പ് ഇന്റർ നാഷണൽ ഗ്രൂപ്പിന്റെ ചെയർമാനുമായ ശ്രീ. എം.എ. യൂസഫലി നിർവഹിച്ചു. കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷന്റെ (കെബിപ്പ്) നേതൃത്വത്തിൽ ഒരുക്കിയ കേരള പവലിയനിൽ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ (എംഎസ്എംഇ) മേഖലയിൽ നിന്നുമുള്ള 24 ഭക്ഷ്യ സംസ്കരണ യൂണിറ്റുകളാണ് പങ്കെടുത്തത്. അതിൽ 11 യൂണിറ്റുകൾ പിഎംഎഫ്എംഇ പദ്ധതിയുടെ ഗുണഭോക്താക്കളാണ് എത്തിയത് എന്നത് കൃത്യമായ ആസൂത്രണത്തിന്റെ നേർകാഴ്ചയായി.









## കല്പക വിത്തിന്റെ പൊൻനാരിന്റെ നവീകരണത്തിന് നാന്ദിയായി

# കയർ കോൺക്ലേവ് 2025

കയർമേഖല നേരിടുന്ന പ്രശ്നങ്ങളും പരിഹാരമാർഗങ്ങളും ചർച്ച ചെയ്ത് 'കയർ കോൺക്ലേവ് 2025'. അസംസ്കൃത വസ്തുക്കളുടെ ക്ഷാമം, കയറ്റുമതിരംഗം നേരിടുന്ന വെല്ലുവിളികൾ, ഉൽപ്പാദനമേഖലയുടെ നവീകരണം, പുതുതലമുറയെയും സംരംഭകരെയും ആകർഷിക്കൽ, പുതിയ വിപണി കണ്ടെത്തൽ തുടങ്ങിയ വിഷയങ്ങൾ കോൺക്ലേവ് വിശദമായി ചർച്ച ചെയ്തു.



സംസ്ഥാനത്തെ കയർ മേഖല നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി വിവിധ മേഖലയിലെ വിദഗ്ധരെ ഉൾപ്പെടുത്തി 2025 സെപ്റ്റംബർ മാസം 23-ാം തീയതി കയർ ക്രാഫ്റ്റ് കൺവെൻഷൻ സെന്റർ, ആലപ്പുഴ (കയർ കോർപ്പറേഷൻ അങ്കണം) വെച്ച് സംഘടിപ്പിച്ച ഏകദിന കയർ കോൺക്ലേവിന്റെ ഉദ്ഘാടനം ബഹു. നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് നിർവ്വഹിച്ചു. ബഹു. സാംസ്കാരിക, യുവജനകാര്യ, ഫിഷറീസ് മന്ത്രി ശ്രീ. സജി ചെറിയാൻ അധ്യക്ഷനായിരുന്നു.

പുതിയ കാലഘട്ടത്തിന് അനുസൃതമായി കയർമേഖലയിൽ കൊണ്ടുവരേണ്ട മാറ്റങ്ങൾ കയർ കോൺക്ലേവ് ചർച്ച ചെയ്തു. 'പുതിയ കാലം പുതിയ സമീപനം' എന്ന വിഷയത്തിൽ നടന്ന ചർച്ച ബഹു. മന്ത്രി ശ്രീ. പി രാജീവ് ഉദ്ഘാടനം ചെയ്തു. 'കമ്പോള വെല്ലുവിളിയും ബദൽ മാർഗങ്ങളും' ചർച്ചയ്ക്ക് ഡോ. ടി എം തോമസ് ഐസക് നേതൃത്വം നൽകി. കയർ വികസന ഡയറക്ടർ ശ്രീമതി ആനി ജൂലാ തോമസ് ഐ.എ.എസ്., 'കയർ വിദഗ്ധ സമിതി റിപ്പോർട്ട് നിർദേശങ്ങളിൽ സർക്കാർ സ്വീകരിച്ച നടപടികൾ' എന്ന വിഷയം അവതരിപ്പിച്ചു. കയർമേഖലയുടെ ഭാവിയെപ്പറ്റിയുള്ള ഒട്ടേറെ ആശയങ്ങളും അഭിപ്രായങ്ങളും ചർച്ചകളിൽ ഉയർന്നു.

ബഹു. എം.എൽ.എ. മാരായ ശ്രീ. പി പി ചിത്തരഞ്ജൻ, ശ്രീ. എച്ച് സലാം, ശ്രീമതി ദലീമ, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എ. പി. എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്, കയർഫെഡ് പ്രസിഡന്റ് ശ്രീ. ടി കെ ദേവകുമാർ, കയർ മെഷീനറി മാനുഫാക്ചറിങ് കമ്പനി ചെയർമാൻ ശ്രീ. എം എച്ച് റഷീദ്, കയർ ക്ഷേമനിധി ബോർഡ് ചെയർമാൻ ശ്രീ. കെ കെ ഗണേശൻ, കയർ കോർപറേഷൻ മാനേജിങ് ഡയറക്ടർ ശ്രീ. പ്രതീഷ് ജി തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു. തൊഴിലാളി യൂണിയൻ പ്രതിനിധികൾ, ചെറുകിട ഉൽപ്പാദക സംഘം പ്രതിനിധികൾ, കയർപിരി സംഘം പ്രതിനിധികൾ തുടങ്ങിയവർ കോൺക്ലേവിൽ പങ്കെടുത്തു.

## 'വനിതാ സംരംഭക കോൺക്ലേവ് 2025' ലോഗോ പ്രകാശനം ചെയ്തു

കേരളത്തിലെ വനിതാ സംരംഭകരുടെ വളർച്ചയ്ക്ക് പുതിയ ദിശാബോധം നൽകുന്നതിനായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് സംഘടിപ്പിക്കുന്ന 'കേരള വുമൺ ഓൺട്രപ്രണേഴ്സ് കോൺക്ലേവ് 2025'-ന്റെ ലോഗോ ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് പ്രകാശനം ചെയ്തു.




ലോകബാങ്കിന്റെ പിന്തുണയോടെ നടപ്പാക്കു (RAMP - Raising and Accelerating MSME Performance) പദ്ധതിയുടെ ഭാഗമായാണ് 2025 ഒക്ടോബർ 13ന് തൃശൂരിൽ കോൺക്ലേവ് സംഘടിപ്പിക്കുന്നത്. വനിതാ സംരംഭകത്വ മേഖലയിൽ പുതിയ സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്നവർ, നിലവിലുള്ളവ വികസിപ്പിക്കാൻ ആഗ്രഹിക്കുന്നവർ എന്നിങ്ങനെ കൂടുതൽ പേരെ ഉൾക്കൊള്ളുന്ന ഒരു സംരംഭകത്വ അന്തരീക്ഷം കേരളത്തിൽ കെട്ടിപ്പടുക്കുന്നതിനുള്ള പ്രധാന ചുവടുവയ്പായിരിക്കും കോൺക്ലേവ്.

### മുറ്റത്തെ മുല്ല ഒരുക്കുന്ന അയൽവക്കത്തെ പെരുമ

## തമിഴ്നാട്ടിൽ 1281 കോടി രൂപയുടെ ഓർഡറുകൾ നേടി കെൽട്രോൺ




കഴിഞ്ഞ ഒരു വർഷം കൊണ്ട് തമിഴ്നാട്ടിൽ നിന്ന് മാത്രം കെൽട്രോൺ നേടിയത് 1281 കോടി രൂപയുടെ ഓർഡറുകളാണ്. അതിൽ 1000 കോടി രൂപയുടെ ഓർഡറുകൾ നേടിയത് മത്സരാധിഷ്ഠിത ടെന്ററിൽ പങ്കെടുത്താണെന്നത് കെൽട്രോണിന്റെ മേന്മ വർധിപ്പിക്കുന്നു. തമിഴ് നാട്ടിലെ 7985 സ്കൂളുകളിൽ 8209 ഹൈടെക് ഐടി ലാബുകൾ സ്ഥാപിക്കുന്നതിന് 519 കോടി രൂപയുടെ ഓർഡറും, തമിഴ്നാട്ടിലെ വിവിധ സ്കൂളുകളിൽ 22931 സ്മാർട്ട് ക്ലാസ് റൂമുകൾ സ്ഥാപിക്കുന്നതിന് 455 കോടി രൂപയുടെ ഓർഡറും തമിഴ് നാട്ടിലെ പ്രൈമറി സ്കൂളിലെ അധ്യാപകരുടെ ഉപയോഗത്തിനായുള്ള 79723 ടാബ്ലറ്റ് കമ്പ്യൂട്ടറുകൾ നൽകുന്നതിനായി 101 കോടി രൂപയുടെ ഓർഡറും ലഭിച്ചത് സമയബന്ധിതമായി പൂർത്തീകരിച്ചു കൈമാറാൻ കെൽട്രോണിന് സാധിച്ചു.

2024ൽ ഒഡീഷയിൽ നിന്നും സ്മാർട്ട്ക്ളാസ്സുകൾ സ്ഥാപിക്കുന്നതിന് ലഭിച്ച 168 കോടി രൂപയുടെ ഓർഡറാണ് തമിഴ്നാട്ടിലെ 1000 കോടിയുടെ ഓർഡർ നേടാൻ സഹായകമായത്. ഈ ഓർഡർ കൃത്യമായി പൂർത്തീകരിച്ചതിനാൽ പുതുതായി 205 കോടി രൂപയുടെ ഓർഡറും ലഭിച്ചു. ഈ കരാർ പ്രകാരം 654 ഹൈടെക് ഐടി ലാബുകളും 1016 കംപ്യൂട്ടർ ലാബുകളും 5732 സ്മാർട്ട് ക്ലാസ് റൂമുകളും കെൽട്രോൺ നിർമ്മിച്ചു നൽകും. ഇതിന് പുറമെ വിവിധ സംസ്ഥാനങ്ങളിലും കെൽട്രോൺ നിരവധി ഓർഡറുകൾ നേടിയെടുത്തിട്ടുണ്ട്.

## ഹൈടെക് മാനുഫാക്ചറിങ് ഫ്രെയിംവർക്കിന് തുടക്കം കുറിച്ചു

കേരള സംസ്ഥാനത്തിന്റെ പുതിയ വ്യവസായ നയത്തിന്റെ തുടർച്ചയായുള്ള ഹൈടെക് മാനുഫാക്ചറിങ് ഫ്രെയിംവർക്കിന് തുടക്കം കുറിച്ചു. ഇതിലൂടെ കേരളത്തെ ഹൈടെക് മാനുഫാക്ചറിങ് രംഗത്തെ ശ്രദ്ധാകേന്ദ്രമാക്കാൻ പറ്റുമെന്നാണ് പ്രതീക്ഷിക്കുന്നത്. നിക്ഷേപകരായ എല്ലാ വിഭാഗവുമായി ആലോചിച്ചാണ് പുതിയ നീക്കം.



ഉൽപാദനമേഖലയിലെ ആർ & ഡി, ഡിസൈൻ ആന്റ് എഞ്ചിനീയറിംഗ്, ടെസ്റ്റിംഗ്, സർട്ടിഫിക്കേഷൻ, മാർക്കറ്റിങ് എന്നിവയുടെ ആഗോള കേന്ദ്രമാക്കി കേരളത്തെ മാറ്റിയെടുക്കുന്നതിനാണ് പുതു ചുവടുവയ്പ്. ഇത്തരം സംരംഭങ്ങൾക്ക് ആവശ്യമായ നിയമപരമായ പിന്തുണ സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് ഈ ഫ്രെയിംവർക്ക് അടിസ്ഥാനമാക്കി ലഭ്യമാക്കും. ഒപ്പം നിരവധിയായ മറ്റനേകം സഹായങ്ങൾ പുതിയ വ്യവസായനയവും മുന്നോട്ടുവെക്കുന്നുണ്ട്. സ്വയം പര്യാപ്തതയിലൂടെ എല്ലാ നിക്ഷേപകരെയും കേരളത്തിലേക്ക് എത്തിക്കുന്നതിനുള്ള ശ്രമങ്ങൾ തുടരുന്നതിന്റെ ഭാഗമായാണ് ഈ പുതിയ നീക്കം.

ഗ്ലോബൽ കേപബിലിറ്റി സെന്ററുകൾ (ജി.സി.സി.), ഗ്ലോബൽ ടെക്നോളജി സെന്ററുകൾ (ജി.ടി.സി) എന്നിവയ്ക്കും ഡിസൈൻ, ഗവേഷണ വികസനം, സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള ഡിജിറ്റൽ മാർക്കറ്റിംഗ് തുടങ്ങിയ മേഖലകൾക്കും ആവശ്യമായ മികച്ച ടാലന്റ് പൂൾ കേരളത്തിനുണ്ട്. വിജ്ഞാന സമ്പദ് വ്യവസ്ഥയുടെ പുരോഗതിക്ക് ഗണ്യമായി സംഭാവന ചെയ്യുന്ന ഹൈടെക് മാനുഫാക്ചറിങ് വ്യവസായങ്ങൾ വളർത്തിയെടുത്തുകൊണ്ട് പുതിയ അവസരങ്ങൾ സൃഷ്ടിക്കുന്നതിനാണ് വ്യവസായ വകുപ്പിന്റെ ശ്രമം.

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.